## സച്ചാറിന്റെ കേരള പരിസരം




**സമീപകാലത്ത്** ഏറെ ചർച്ചചെയ്യപ്പെട്ട വിഷയമാണ് സച്ചാർ കമീഷൻ റിപ്പോർട്ട്. ഇന്ത്യൻ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥയുടെ ആഴവും പരപ്പുമാണ് റിപ്പോർട്ട് അടിവരയിട്ട് സൂചിപ്പിക്കുന്നത്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കേരള മുസ്‌ലിംകളെക്കുറിച്ചുള്ള അന്വേഷണമാണ് 'സച്ചാറിന്റെ കേരള പരിസരം' എന്ന പുസ്തകത്തിന്റെ ഉള്ളടക്കം. കേരള മുസ്‌ലിംകൾ പിന്നാക്കമല്ല എന്നവാദം എത്രകണ്ട് ശരിയാണ്? മുസ്‌ലിം അവസ്ഥാ പഠനങ്ങളുടെ പരിമിതി, ക്രീമിലെയർ വിവാദത്തിന്റെ അന്തർധാരയെന്ത്? ഇന്ത്യൻ ഭരണവർഗത്തിന്റെ വരേണ്യ സ്വഭാവവും നമ്മുടെ വികസന മാതൃകയുടെ പിരമിതിയും എന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് ഈ കൃതി ഉത്തരം തേടുന്നു. പ്രഫ. കെ.എൻ പണിക്കർ, ഡോ. എം. കബീർ, പ്രഫ. കെ.എം ബഹാവുദ്ദീൻ, സക്കറിയ്യ, ഡോ. എൻ.എ കരീം, എം.ആർ സുദേഷ്, ഡോ. കെ.കെ ഉസ്മാൻ, എം. ശാഹുൽ ഹമീദ് എന്നിവരുടെ ലേഖനങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. എഡിറ്റർ: അശ്റഫ് എ. കടയ്ക്കൽ **പേജ്: 104, വില: 55.00 അദർ ബുക്സ്, കോഴിക്കോട്.**

## മനുഷ്യാ നിന്റെ മനസ്



**ആത്മസംസ്കരണ** സംബന്ധിയായ പതിനാല് ലേഖനങ്ങളുടെ സമാഹാരമാണ് ടി.കെ ഉബൈദിന്റെ 'മനുഷ്യാ നിന്റെ മനസ്' എന്ന ലഘു കൃതി. സുന്ദരമായ സ്വഭാവചര്യയും സന്തുലിത വ്യക്തിത്വവും സ്വായത്തമാക്കാനാഗ്രഹിക്കുന്നവർക്ക് ഒരു കൈത്തിരിയാണ് സുഗ്രാഹ്യവും ലളിതവുമായ ശൈലിയിൽ രചിക്കപ്പെട്ടിട്ടുള്ള ഈ പുസ്തകം. സ്വന്തം മനസ്സിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാനും കുറവുകളും മികവുകളും അടയാളപ്പെടുത്താനും കുറവുകൾ പരിഹരിക്കാൻ പ്രായോഗിക മാർഗമാരായാനും സാധാരണക്കാർക്ക് പോലും സാധിക്കും വിധമാണ് ഗ്രന്ഥകർത്താവ് വിഷയങ്ങൾ അവതരിപ്പിക്കുന്നത്. **പേജ്: 54, വില: 30.00 വിചാരം ബുക്സ് പോസ്റ്റ് ഓഫീസ് റോഡ്, തൃശൂർ–1**

## ജിഹാദും തീവ്രവാദവും




**ജിഹാദിനെക്കുറിച്ച്** ഇന്ത്യൻ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ലേഖനങ്ങളുടെ സമാഹാരമാണ് 'ജിഹാദും തീവ്രവാദവും.' 1997–ൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകത്തിന്റെ പുതിയ പതിപ്പ്. കെ.ടി മാനുമുസ്‌ലിയാർ, കൊരമ്പയിൽ അഹ്മദ് ഹാജി, ശൈഖ് മുഹമ്മദ് കാരകുന്ന്, പ്രഫ. പി. കോയ, കെ.വി അബ്ദുല്ലത്വീഫ് മൗലവി, റഹീം മേച്ചേരി, ഒ. അബ്ദുർറഹ്മാൻ, ഹുസൈൻ മടവൂർ, എം.എം അക്ബർ, എം.ഐ തങ്ങൾ, നാസർഫൈസി കൂടത്തായ്, എ.പി അബൂബക്കർ മുസ്‌ലിയാർ തുടങ്ങിയവരാണ് ലേഖകർ. ജിഹാദിനെ സംബന്ധിച്ച തെറ്റുധാരണകൾ അകറ്റാനും സായുധ പ്രതിരോധത്തിന്റെ അപകടങ്ങൾ മനസ്സിലാക്കാനും ഉതകുന്ന കൃതി. **പേജ്: 138, വില: 70.00 ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.**

## എന്തല്ല; എന്താണ്; ലൈംഗിക വിദ്യാഭ്യാസം




**സ്ത്രീ–പുരുഷ** ബന്ധങ്ങളിൽ പുലർത്തേണ്ട സദാചാര ബോധത്തിന്റെ അഭാവവും ശരീരശാസ്ത്രത്തെയും കൗമാരപ്രായക്കാരുടെ മനശ്ശാസ്ത്രത്തെയും കുറിച്ച അറിവില്ലായ്മയുമാണ് സമൂഹത്തെ ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത്. ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച ചർച്ചകൾ പോലും വഴിതെറ്റിപ്പോകുന്നത് അതുകൊണ്ടാണ്. ഈ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ് മുരളീധരൻ മുല്ലമറ്റത്തിന്റെ 'എന്തല്ല; എന്താണ്; ലൈംഗിക വിദ്യാഭ്യാസം' എന്ന കൃതി. വിവിധ ഏജൻസികൾ നിർദേശിക്കുകയും സമീപകാലത്ത് ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്ത ലൈംഗിക വിദ്യാഭ്യാസപദ്ധതിയിലെ അപകടങ്ങളെ വിശകലനം ചെയ്യുന്ന കൃതി മുതിർന്നവരെ അഭിസംബോധന ചെയ്യുന്നതാണ്. കുട്ടികളെ വായിപ്പിക്കേണ്ടതല്ല, അവർക്ക് എങ്ങനെ മാർഗനിർദേശം നൽകണമെന്ന് മുതിർന്നവർക്ക് മനസ്സിലാക്കാൻ സഹായകമാകുന്നതാണ് പുസ്തകമെന്നാണ് ഉള്ളടക്കത്തിൽനിന്ന് വ്യക്തമാകുന്നത്. പന്ത്രണ്ട് അധ്യായങ്ങൾ. **പേജ്: 112 വില: 50** വചനം ബുക്സ്, മാവൂർ റോഡ്, കോഴിക്കോട്.

## ബൈബിൾ ദൈവവചനമോ?




**ബൈബിളിന്റെ** ദൈവികത നൂറ്റാണ്ടുകളായി സജീവ ചർച്ചാ വിഷയമാണ്. ഈസാനബിക്ക് നൽകപ്പെട്ട ഇഞ്ചീലും മൂസാനബിക്ക് ലഭിച്ച തൗറാത്തും പിൽക്കാലത്ത് മനുഷ്യരുടെ കൈക്രിയകൾക്ക് വിധേയമായിട്ടുണ്ട്. ഒട്ടേറെ മാറ്റത്തിരുത്തലുകൾ നടന്നിട്ടുള്ള ബൈബിളാണ് ഇന്ന് നിലവിലുള്ളത്. പണ്ഡിതനും പ്രബോധകനുമായ അഹ്മദ് ദീദാത്ത് 'ബൈബിൾ ദൈവവചനമോ?' എന്ന കൃതിയിൽ ചർച്ചചെയ്യുന്നതും ഈ വിഷയമാണ്. ക്രൈസ്തവ പണ്ഡിതന്മാരുമായി അനേകം സംവാദങ്ങൾ നടത്തിയതിന്റെ അനുഭവ സമ്പത്തുള്ള ദീദാത്തിന്റെ ഈ രചന വിഷയകമായി എഴുതപ്പെട്ടിട്ടുള്ള മറ്റു കൃതികളിൽനിന്ന് വേറിട്ട് നിൽക്കുന്നു. ഒമ്പത് അധ്യായങ്ങൾ. ലളിതമായ ശൈലി. വിവർത്തനം കെ.കെ അബ്ദുൽ അസീസ്. **പേജ്: 107, വില: 60.00 മനാസ് ഫൗണ്ടേഷൻ, ആലുവ–1**

## പൂച്ചക്കാളു




**കുട്ടികൾക്കുള്ള** രസകരവും ഗുണപാഠമുൾക്കൊള്ളുന്നതുമായ നോവലാണ് ഗിഫു മേലാറ്റൂരിന്റെ 'പൂച്ചക്കാളു.' വികൃതിക്കാരനായ കാളു എന്ന പൂച്ചക്കുഞ്ഞിന്റെ കഥ. മെയ്യനങ്ങാതെ ആഹാരം കണ്ടെത്താനുള്ള കാളുവിന്റെ വേലത്തരങ്ങൾ കുട്ടികളെ ചിരിപ്പിക്കുക മാത്രമല്ല സ്ഥിരോത്സാഹത്തിന്റെയും അർപ്പണബോധത്തിന്റെയും മൂല്യവിചാരങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്നു. **പേജ്: 77, വില: 35.00 ഐ.പി.എച്ച്, കോഴിക്കോട്**